# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7670 — 15.07.2014-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. വി.ഡി.സതീശൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. വർക്കല കഹാർ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മൽസ്യത്തൊഴിലാളി കൾക്ക് ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തയ്യാറാക്കിയി ട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭൂരഹിതരും ഭവനരഹിതരുമായ തെരെഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴി ലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി"-യ്ക്ക് അംഗീകാരം നൽകി പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശ ദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്ത മാക്കാമോ; | (ബി) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴി ലാളി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 370 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന ഒരു ഫ്ളാറ്റ് യൂണിറ്റിൽ ഒരു ബെഡ് റൂം, ഒരു സ്റ്റഡി റൂം, ഒരു ടോയ്‌ലറ്റ്, ഒരു അടുക്കള എന്നീ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്ന തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാ ണെന്ന് വിശദമാക്കാമോ; | (സി) .നിലവിൽ ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്കായി കൈക്കൊണ്ടുവരുന്ന മാനദണ്ഡങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടു ക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടു ത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെ ല്ലാമാണെന്നും വ്യക്തമാക്കുമോ? | (ഡി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിവരുന്നു. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് ആരംഭിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

## അനുബന്ധം

### മാർഗ്ഗനിർദ്ദേശങ്ങൾ

1. അപേക്ഷകർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 18 നും 60 നും ഇടയ്ക്ക് പ്രായമുള്ള യഥാർത്ഥ മത്സ്യത്തൊഴിലാളി ആയിരിക്കണം.
2. മത്സ്യഗ്രാമ നിവാസിയായിരിക്കണം.
3. CRZ നിയമപ്രകാരം വീട് വയ്ക്കുവാൻ ഉതകുന്ന, കുറഞ്ഞത് 2 സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം.
4. DLMC (ജില്ലാതല മാനേജ്മെന്റ് കമ്മിറ്റി) / ബെനിഫിഷ്യറി കമ്മിറ്റി ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ച് അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പുറപ്പെടുവിക്കുന്നതാണ്.
5. അപേക്ഷകൻ വിവാഹിതനും കുടുംബം നയിക്കുന്നവനുമായിരിക്കണം.
6. വാസയോഗ്യമായ വീടില്ലാത്ത ആളായിരിക്കണം.
7. അനുവദിക്കാനുള്ള യൂണിറ്റുകളേക്കാൾ കൂടുതൽ അപേക്ഷ ഉള്ള പക്ഷം നറുക്കെടുപ്പിലൂടെയായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.
8. ഓരോ ജില്ലയിലും ആകെയുള്ള യൂണിറ്റുകളുടെ 90% മാത്രമേ ഇത്തരത്തിൽ അനുവദിക്കാൻ പാടുള്ളൂ.
9. ബാക്കിയുള്ള 10% അങ്ങേയറ്റം പരിഗണന അർഹിക്കുന്ന വിധവകൾക്കും കാൻസർ രോഗിക്കും വേണ്ടി മാറ്റി വെയ്ക്കണമെന്ന് മാതൃകാ മത്സ്യഗ്രാമ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുശാസിക്കുന്നു.
10. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിഫണ്ട് ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം നറുക്കെടുപ്പിൽപ്പെടാത്ത അപേക്ഷകരിൽ നിന്നും അങ്ങേയറ്റം പരിഗണന അർഹിക്കുന്ന 10% അപേക്ഷകരെ സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് അനുവദിക്കാവുന്നതാണ്.

സ്പെഷ്യൽ ഓഫീസർ